"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി സർവീസസ്- നേമം ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. ഷീബ എസ്-ന് ഹിസ്റ്ററക്ടമി നടത്തിയതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടു കൂടിയ പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.493/2025/WCDD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. ശ്രീമതി. ഷീബ എസ്, അങ്കണവാടി വർക്കർ, സെന്റർ നം. 76, ഊരൂട്ടമ്പലം, നേമം ഐ സി ഡി എസ് പ്രൊജക്റ്റിന്റെ അപേക്ഷ, തീയതി. 09/10/2024
2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/4047/2025-ICDSB7, തീയതി. 25/08/2025

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നേമം അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റിലെ മാറനല്ലൂർ പഞ്ചായത്തിലെ സെൻറർ നം. 76 അങ്കണവാടിയിലെ അങ്കണവാടി വർക്കർ ശ്രീമതി. ഷീബ എസ്-ന് ഗർഭാശയം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 20/06/2024 മുതൽ 45 ദിവസത്തെ ഓണറേറിയത്തോടു കൂടിയ അവധി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പരാമർശം (1) പ്രകാരമുള്ള അപേക്ഷ, ശിശുവികസന പദ്ധതി ഓഫീസറുടെ ശിപാർശയും മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം ലഭിച്ചിട്ടുണ്ടെന്നു പരാമർശം (2) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ മറ്റു ജീവനക്കാർ ഹിസ്റ്ററക്ടമിക്ക് വിധേയരാകുമ്പോൾ 45 ദിവസം ശമ്പളത്തോടു കൂടിയ അവധി അനുവദിക്കുന്നതു പോലെ ശ്രീമതി. ഷീബ എസ്-നും മാനുഷിക പരിഗണന നൽകി 20/06/2024 മുതൽ 45 ദിവസത്തെ ഓണറേറിയത്തോടു കൂടിയുള്ള അവധി അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നു വനിതാശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയും ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നേമം അഡീഷണൽ ഐ സി ഡി എസ് പ്രൊജക്റ്റിലെ മാറനല്ലൂർ പഞ്ചായത്തിലെ സെൻറർ നം. **76** അങ്കണവാടിയിലെ അങ്കണവാടി വർക്കർ ശ്രീമതി. ഷീബ എസ്-ന് ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട്, പ്രസ്തുത വ്യക്തി ഹാജരാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമാവലിയിൽ ഇളവും മാനുഷിക പരിഗണനയും നൽകി **20/06/2024** മുതൽ **45** ദിവസത്തെ ഓണറേറിയത്തോടു കൂടിയുള്ള അവധി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ഷീബ എസ്, അങ്കണവാടി വർക്കർ, നേമം ഐ സി ഡി എസ് പ്രൊജക്റ്റ്
(വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് (UO(R)No. WCD-1/244/2025-FIN (E:3301261), തീയതി. 12/11/2025 പ്രകാരം)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 23-12-2025 12:40:56
സെക്ഷൻ ഓഫീസർ